(എഫ്) 2000-2001 സാമ്പത്തിക വർഷത്തിൽ.

(ജി) അത്യാവശ്യത്തിന് ഫണ്ട് മതിയാകുന്നതാണ്.

(എച്ച്) ബാധകമല്ല.

മരച്ചീനികൃഷി പ്രോൽസാഹിപ്പിക്കുന്നതിന് നടപടി

* 19 [592] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ:
,, യു. സി. രാമൻ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി സ്വയംപര്യാപ്തമല്ലാത്തതിനാൽ മരച്ചീനി കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് നടപടിയെടുക്കുന്നുണ്ടോ;

(ബി) കേരളീയർക്ക് ഇഷ്ടപ്പെട്ട ആഹാരവും വിവിധ വ്യാവസായിക ഉപയോഗവുമുള്ള മരച്ചീനിയുടെ ഉൽപ്പാദനം സംസ്ഥാനത്ത് വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പ് മന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ—സി) 2000-2001-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 1,14,609 ഹെക്ടർ സ്ഥലത്ത് മരച്ചീനി കൃഷി ചെയ്യുന്നു. ഇതിൽനിന്നും 25.869 ലക്ഷം ടൺ മരച്ചീനി ഉൽപ്പാദിപ്പിക്കുന്നു. ഈ ആഭ്യന്തര ഉൽപ്പാദനം നിലവിൽ സംസ്ഥാനത്തെ ജനങ്ങൾക്ക് ധാരാളമായി ഉപയോഗിക്കുന്നതിനും വ്യാവസായിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും പര്യാപ്തമാണെന്നാണ് മനസ്സിലാക്കുന്നത്. എന്നിരുന്നാലും ഇതിന്റെ കയറ്റുമതി സാദ്ധ്യത കണക്കിലെടുത്ത് കാർഷിക കയറ്റുമതിമേഖലയിൽ ഉൾപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിച്ച് കയറ്റുമതി നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ വിശദാംശങ്ങൾക്ക് അന്തിമരൂപമായിട്ടില്ല.

അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ ലഭ്യമാക്കാൻ നടപടി

* 20 [593] ശ്രീ. പിരപ്പൻകോട് മുരളി:
,, കെ. രാധാകൃഷ്ണൻ:
,, ടി. കെ. ദേവകുമാർ:
,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly